ശ്യങ്ങളിൽ വില നിശ്ചയിച്ചവരുടെ വിശദീകരണം ആരാഞ്ഞുവോ; എങ്കിൽ വിശദീകരണം എന്തെന്ന് വെളിപ്പെടുത്തുമോ;

(ജെ) ഇതിനുസമീപം ടൈൽസ് സൊസൈറ്റിക്കു വാങ്ങിയ സ്ഥലത്തിന്റെ വില എത്രയെന്നു വെളിപ്പെടുത്തുമോ;

(കെ) ഇതിനടുത്ത് ഗ്രാമപഞ്ചായത്തിന്റെ ഓഫീസിനുവേണ്ടി വിലക്കെടുത്ത സ്ഥലങ്ങൾക്ക് എന്തുവില വീതമാണ് നൽകിയത്; വിശദമാക്കുമോ?

ഉത്തരം

(എ) 66,4862 ഹെക്ടർ

(ബി) ഈ സ്ഥലത്തിന് ഒരു പ്രാവശ്യമേ പൊന്നുവില നിശ്ചയിച്ചിട്ടുള്ളൂ. അത് ഹെക്ടറിന് താഴെ പറയും പ്രകാരമാണ്.

തോട്ടം	-	12,33,477/- രൂപ
വയൽ	-	4,99,244/- രൂപ
കൈപ്പാട്	-	1,74,735/-രൂപ

(സി) പിന്നീട് വില പുതുക്കിയിട്ടില്ല.

(ഡി)മുതൽ-(ഐ)വരെ മേൽ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ജെ) ഒരു സെന്റിന് 14,335/- രൂപ നിരക്കിൽ 15 സെന്റിന് 2,15,000/- രൂപ

(കെ) പൊന്നുംവിലയ്ക്ക് എടുക്കുന്ന ഭൂമിക്ക് തത്തുല്യമായ സ്ഥലം, ഗ്രാമപഞ്ചായത്തിന്റെ ഓഫീസിനുവേണ്ടി ഇതിനടുത്ത് വിലയ്ക്ക് എടുത്തിട്ടില്ല.

95 (619) തിരുവാലി പഞ്ചായത്തിലെ എ.കെ.ജി കോളനിയിലെ താമസക്കാർക്ക് പട്ടയം

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ തിരുവാലി പഞ്ചായത്തിലെ എ.കെ.ജി കോളനിയിലെ താമസക്കാർക്ക് പട്ടയം നൽകുന്ന നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) എത്രകാലംകൊണ്ട് ഈ കോളനിനിവാസികൾക്ക് പട്ടയം കൊടുക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്?

ഉത്തരം

(എ)&(ബി) തിരുവാലി പഞ്ചായത്തിലെ എ.കെ.ജി. കോളനിവാസികൾക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച് 12-4-2000-ന് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടുകയും, സമയബന്ധിതമായി പട്ടയ പ്രശ്നം തീർപ്പാക്കുകയും ചെയ്യണമെന്ന് തീരുമാനിക്കുകയുമുണ്ടായി. ചില കൈവശക്കാർക്ക് ലാന്റ് ട്രിബ്യൂണൽ നൽകിയിട്ടുള്ള പട്ടയങ്ങൾ നിയമവിധേയമല്ലായെന്ന് കണ്ടെത്തിയതിനാൽ, അപ്പലേറ്റ് അതോറിറ്റികൾ മുഖേന റദ്ദാക്കാൻ നടപടി കൈക്കൊണ്ട് കഴിഞ്ഞശേഷം മാത്രമേ, പട്ടയം നൽകുന്ന നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. ബന്ധപ്പെട്ട അപ്പ്ലേറ്റ് അതോറിറ്റികൾ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുന്നതിന് ലാന്റ് ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മേൽപറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

നടപടി ക്രമങ്ങൾ എത്രയും വേഗം പൂർത്തിയാക്കി താമസംവിനാ പട്ടയം നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

96 (620) കാങ്കോൽ നാലപ്പടമ്പ പഞ്ചായത്തിലെ വെളിച്ചം തോട്ടിൽ കൈവശക്കാർക്ക് പട്ടയം

ശ്രീ. കെ.പി. സതീഷ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ കാങ്കോൽ നാലപ്പടമ്പ പഞ്ചായത്തിലെ വെളിച്ചം തോട്ടിൽ കൈവശക്കാർക്ക് ഭൂമി പതിച്ച് നൽകുവാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

കേരളഭൂപരിഷ്ക്കരണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി കൈവശക്കാർക്ക് പ്രസ്തുത ഭൂമി പതിച്ചു നൽകാമോ എന്ന കാര്യം പരിശോധിച്ച് വരികയാണ്.

97 (621) "ചക്കിപ്പാറ ഉറിയാകോട് സൈമൻ സ്മാരക റോഡിന്റെ പണി"

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ചക്കിപ്പാറ ഉറിയാകോട് സൈമൺ സ്മാരക റോഡ് ഗതാഗത യോഗ്യമാക്കുന്നത് സംബന്ധിച്ച് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ:

(ബി) ഈ റോഡ് അടിയന്തിരമായി ഗതാഗതയോഗ്യമാക്കുന്നതിന് ആവശ്യമായ ഫണ്ടനുവദിക്കുന്നതിന് റവന്യു വകുപ്പ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനത്തിലെ ആവശ്യം പരിശോധിച്ചു വരികയാണ്.

98 (622) പറക്കുന്നത്ത് അംഗൻവാടിക്ക് കെട്ടിടം

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിൽ കോടുർ ഗ്രാമപഞ്ചായത്ത് ഒന്നാംവാർഡിൽ പറക്കുന്നത്ത് അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കുവാൻ സ്ഥലം ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) കിട്ടിയിട്ടുള്ളതായി കാണുന്നില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly